(സി) വിരമിച്ച സഹകരണ ജീവനക്കാർക്ക് ഈ നിധിയിൽനിന്നും പെൻഷൻ നൽകുന്നുണ്ടോ; എങ്കിൽ എന്തു തുക വീതമാണെന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ക്ഷേമനിധി ബോർഡിന്റെ ഇപ്പോഴത്തെ ആസ്തി 2 കോടി 83 ലക്ഷം രൂപയോളം ആണ്.

(ബി) ക്ഷേമനിധിയിലേക്ക് സ്ഥിരം ജീവനക്കാർ 50 രൂപയും സംഘം 50 രൂപയും ചേർത്ത് 100 രൂപയും, കമ്മീഷൻ ഏജന്റുമാർ 30 രൂപയും സംഘം 30 രൂപയും വീതം 60 രൂപയും അടയ്ക്കേണ്ടതാണ്. ക്ഷേമനിധിയിൽനിന്നും സ്ഥിരം ജീവനക്കാർക്ക് ചികിൽസാ സഹായമായി 35,000 രൂപയും, ജീവനക്കാരുടെ ആശ്രിതർക്ക് 15,000 രൂപയും നൽകുന്നുണ്ട്. ജീവനക്കാർക്ക് മരണാനന്തര സഹായമായി 75,000 രൂപയും, പെൻഷൻ പറ്റുകയോ രാജി വെച്ചുപോകുകയോ ചെയ്യുന്ന അംഗങ്ങൾക്ക് അവർ അടച്ച തുകയും സംഘത്തിന്റെ വിഹിതവും ഉൾപ്പെടെയുള്ള തുകയും നൽകുന്നു. കമ്മീഷൻ ഏജൻറുമാർക്ക് മരണാനന്തര സഹായമായി 25,000 രൂപയും സേവനം അവസാനിപ്പിക്കുന്ന മുറയ്ക്ക് അവർ അടച്ച തുകയും സംഘത്തിന്റെ വിഹിതവും ഉൾപ്പെടെയുള്ള തുകയും നൽകുന്നു. സംസ്ഥാന തലത്തിൽ എസ്. എസ്. എൽ. സി., പ്ലസ്ടു. വി. എച്ച്. എസ്. ഇ., എച്ച്. ഡി. സി., ജെ. ഡി. സി. എന്നീ കോഴ്സുകളിൽ ജീവനക്കാരുടെ മക്കളിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 5,000 രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് 3,000 രൂപയും എസ്. എസ്. എൽ. സി.-ക്ക് ജില്ലാ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 2000 രൂപയും ക്യാഷ് അവാർഡായി നൽകുന്നു. കൂടാതെ സംസ്ഥാന തലത്തിൽ കലാതിലകം/ കലാപ്രതിഭ നേടുന്നവർക്ക് 2,000 രൂപയും റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ 1,000 രൂപയും നൽകി വരുന്നു. മേൽപ്പറഞ്ഞ കോഴ്സുകൾക്ക് കമ്മീഷൻ ഏജന്റുമാരുടെ മക്കളിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 5,000 രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് 3,000 രൂപയും ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക് 1,000 രൂപയും നൽകി വരുന്നു.

(സി) വിരമിച്ച സഹകരണ ജീവനക്കാർക്ക് ഈ നിധിയിൽ നിന്ന് പെൻഷൻ നൽകുന്നില്ല.

ഐ. ടി. എനേബിൾഡ് സർവ്വീസ് ഡെസ്റ്റിനേഷൻ

*21 [261] ശ്രീമതി രാധാ രാഘവൻ:
ശ്രീ. ഡി. സുഗതൻ:
„ ലൂഡി ലൂയിസ്:
„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. എനേബിൾഡ് സർവ്വീസ് ഡെസ്റ്റിനേഷൻ എന്ന നിലയിൽ കൊച്ചിക്കുള്ള സ്ഥാനം നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊച്ചിയിൽനിന്ന് ലോകത്തിന്റെ പ്രധാന കേന്ദ്രങ്ങളിലേക്ക് വിമാന സർവ്വീസ് ഇല്ലാത്ത അവസ്ഥ, മിലിട്ടന്റ് ട്രെയ്ഡ് യൂണിയനിസം, പവർകട്ട്, ഗതാഗത പശ്ചാത്തലത്തിന്റെ അഭാവം എന്നിവ കൊച്ചിക്ക് ഇക്കാര്യത്തിലുള്ള പ്രാധാന്യം കുറയ്ക്കുവാൻ ഇടയാക്കുമോ;

(സി) എങ്കിൽ ഈ ന്യൂനതകൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളെടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഐ.ടി. എനേബിൾഡ് സർവ്വീസ് ഡെസ്റ്റിനേഷൻ എന്ന നിലയിൽ കൊച്ചിക്കുള്ള സ്ഥാനം നിലനിർത്തുന്നതിന് കൊച്ചി നഗരത്തിൽ ബിസിനസ്സ് പ്രോസസ്സ് ഔട്ട്സോഴ്സിംഗിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. സർക്കാർ തലത്തിൽ ഐ. ടി. എനേബിൾഡ് സർവ്വീസ് യൂണിറ്റുകൾക്കുവേണ്ടി അതിനൂതനമായ ഒരു കെട്ടിടം കൊച്ചി ഇൻഫോ പാർക്കിൽ പണിതുവരുന്നു. കൂടാതെ സ്വകാര്യ മേഖലയിലും രണ്ട് കെട്ടിടങ്ങൾ പണിതുവരുന്നു.

(ബി, സി) നെടുമ്പാശ്ശേരിയിലുള്ള അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് യു. എസ്. എ., യൂറോപ്പ് എന്നിവിടങ്ങളിലേക്ക് നേരിട്ട് വിമാന സർവ്വീസ് ഇല്ലെങ്കിലും സാമാന്യം ഭേദപ്പെട്ട നിലയിൽ മറ്റ് അന്താരാഷ്ട്ര വിമാന സർവ്വീസുകൾ പ്രവർത്തിക്കുന്നുണ്ട്. എയർപോർട്ട്-സീപോർട്ട് റോഡ് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഗതാഗത സൗകര്യം ഏറെ മെച്ചപ്പെടും. മിലിട്ടന്റ് ട്രെയ്ഡ് യൂണിയനിസം ഐ.ടി. മേഖലയിൽ കാര്യമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല. എന്നിരുന്നാലും മിലിട്ടന്റ് ട്രെയ്ഡ് യൂണിയനിസം, പവർകട്ട് എന്നിവയിൽ സർക്കാർ ശ്രദ്ധ ചെലുത്തുന്നുണ്ട്.

അലഞ്ഞുതിരിഞ്ഞു നടക്കുന്നവരുടെ സംരക്ഷണം

*22 [262] ശ്രീ. പി. എസ്. സുപാൽ:
„ പി. നാരായണൻ:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലഞ്ഞുതിരിഞ്ഞു നടക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ സംരക്ഷിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരക്കാരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly